## അനുസ്മരണം

### വെള്ളത് ബഷീർ



*പ്രബോധനം* ഓഫീസിന്റെ മുൻവശത്ത് കെട്ടിവെക്കുന്ന തന്റെ പേരിലുള്ള *പ്രബോധന*ത്തിന്റെ കെട്ട് എടുക്കാൻ മൂഴിക്കലിൽനിന്നും ആഴ്ചയിലൊരു ദിവസം വെള്ളിമാട്കുന്നിലേക്ക് മുറതെറ്റാതെ നടന്നു വരാറുണ്ടായിരുന്നു വെള്ളത് ബഷീർ(65). മൂഴിക്കൽ ജുമാമസ്ജിദിൽ 12 വർഷമായി ഖാദിം (സേവകൻ) ആയിരുന്നു ഇദ്ദേഹം. കാറ്റും മഴയുമുള്ള പ്രതികൂല കാലാവസ്ഥയിൽപോലും കറന്റില്ലാത്ത നാളുകളിൽ കൂടി സുബ്ഹിക്കുമുമ്പ് പള്ളിയിൽ ബാങ്ക് വിളിക്കാൻ വീട്ടിൽനിന്ന് അദ്ദേഹം എത്തിയിരുന്നു. പള്ളിയുടെയും പരിസരത്തിന്റെയും ശുചിത്വത്തിൽ നിഷ്ഠപുലർത്തിയ അദ്ദേഹം, അനാവശ്യമായി പള്ളിയിലെ ഒരു ബൾബ് പോലും അധികം കത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തി. ഇടക്കാലത്ത് മൂഴിക്കൽ മുത്തഫിഖ് ഹൽഖ അംഗമായിരുന്നു. മകൻ ഷാജിൽ ഉൾപ്പെടെ കുടുംബാംഗങ്ങൾ എല്ലാവരും പ്രസ്ഥാന ബന്ധുക്കളാണ്.

**എം. ഫസ്‌ലുർറഹ്മാൻ മൂഴിക്കൽ**

### പി.കെ അബ്ദുൽ അസീസ്



**അജ്മാനിൽ** ഇസ്‌ലാമിക പ്രവർത്തന രംഗത്തെ സജീവ സാന്നിധ്യമായിരുന്നു പി.കെ അബ്ദുൽഅസീസ് സാഹിബ്(46 വയസ്, കളമശേരി എച്ച്.എം.ടി കോളനി). രോഗിയായ സ്വന്തം പിതാവിനെ പരിചരിക്കാൻ നാട്ടിലേക്ക് തിരിച്ച അദ്ദേഹം നാലാം ദിവസം, ഹൃദയാഘാതത്തെ തുടർന്ന് മരണപ്പെടുകയായിരുന്നു. 1984-ൽ അജ്മാനിലെ 'മസാഫി'യിൽ പ്രവാസത്തിന് തുടക്കം കുറിച്ച അദ്ദേഹം കാൽ നൂറ്റാണ്ടിനിടയിൽ ധാരാളം വ്യക്തി ബന്ധങ്ങൾ വളർത്തിയെടുത്തു. അറബി സംസാര ഭാഷ നല്ല വശമായിരുന്നതിനാൽ സുഹൃദ് ബന്ധങ്ങളിൽ നല്ലൊരു പങ്കും അറബികളുമായിട്ടായിരുന്നു.

അറബികളുമായുള്ള സൗഹൃദം ഉപയോഗപ്പെടുത്തി നാട്ടിൽ പല ജനസേവന പ്രവർത്തനങ്ങൾക്കും ഫണ്ട് ലഭ്യമാക്കിയിരുന്നു. അജ്മാനിലെ ദീനീ തത്പരരായ അറബി സുഹൃത്തുക്കളെ സംഘടിപ്പിച്ച് ഒരു ദഅ്‌വ സെന്റർ തുടങ്ങാനുള്ള ഒരുക്കത്തിലായിരുന്നു അദ്ദേഹം. ഭാര്യ ഷമി സുലൈമാൻ അജ്മാൻ ഐ.സി.സിയിലെ വനിതാ ഹൽഖാ പ്രസിഡന്റായിരുന്നു. മകൻ ഇഹ്സാൻ ശാന്തപുരത്ത് ദഅ്‌വാ കോളേജിൽ പഠിക്കുന്നു. മുഹ്സിനയും സുമയ്യയുമാണ് മറ്റു മക്കൾ.

**ത്വാഹാ അബ്ദുല്ല ഹൈദർ മമ്പാട്, കെ. അബ്ദുൽ ജബ്ബാർ മണ്ണാർക്കാട്**

### കുന്നുമ്മൽ മുഹമ്മദ്



**കൊണ്ടോട്ടി** പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു കുന്നുമ്മൽ മുഹമ്മദ് സാഹിബ്(76). കുറേകാലം പ്രാദേശിക ജമാഅത്ത് സെക്രട്ടറിയുമായിരുന്നു. കൊണ്ടോട്ടി മസ്ജിദുൽ ഇഹ്സാൻ (ടൗൺ മസ്ജിദ്), സംഘടിത സകാത്ത് കമ്മിറ്റി എന്നിവയുടെ സ്ഥാപകാംഗം. കെ. അബ്ദുർറഹ്മാൻ സാഹിബ്, എൻ.എം ബാവ സാഹിബ് എന്നിവരോടൊപ്പം പ്രസ്ഥാന വ്യാപനത്തിൽ കാര്യമായ പങ്ക് വഹിച്ചു.

തുടക്കത്തിൽ ബീഡി തെരപ്പായിരുന്നു ജോലി. പിന്നീട് കച്ചവടം തുടങ്ങി. കമ്യൂണിസം പ്രചരിച്ചുകൊണ്ടിരുന്ന കാലത്ത് കമ്യൂണിസത്തെ നന്നായി പഠിച്ച് കമ്യൂണിസ്റ്റുകാരുമായി സംവദിക്കുമായിരുന്നു. അടിയന്തരാവസ്ഥയിൽ ജയിൽ വാസം വരിച്ചിട്ടുണ്ട്. ഭാര്യയും നാലു ആൺ മക്കളും മൂന്ന് പെൺമക്കളുമുണ്ട്.

**എഞ്ചി. കുഞ്ഞഹമ്മദ് പറമ്പാടൻ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ*